പ്രവർത്തിക്കുന്ന ചില പോസ്റ്റുകളിലെങ്കിലും, പി.എസ്.സി. ലിസ്റ്റില്ല, പി.എസ്. സി. അപേക്ഷ പോലും ക്ഷണിച്ചിട്ടില്ലാത്ത ചില പോസ്റ്റുകളിലും അവർ വർക്ക് ചെയ്യുന്നുണ്ട്. ഉദാ: സർക്കാർ ആശുപത്രികളിലെ രണ്ടാം ഗ്രേഡ് ഹോസ്പിറ്റൽ അറ്റൻഡേഴ്സ് പോസ്റ്റ് തന്നെ. അങ്ങനെ വിവിധ വകുപ്പുകളിൽ താൽക്കാലിക നിയമനം ലഭിച്ചിട്ടുള്ള മുഴുവൻ വിധവകളെയും സ്ഥിരം ജീവന ക്കാരായി മാറ്റുന്നതിന് സഹായിക്കണം. അതുപോലെ മുൻ താൽക്കാലിക ജീവനക്കാരുണ്ട്, വിധവകളുടെ കൂട്ടത്തിൽ. പിന്നെ ഒരു നിയമനത്തിനു പോലും സാദ്ധ്യതയില്ലാതെ കഷ്ടപ്പെടുന്നവർ കുറച്ചുകാലം അവർ ജോലി ചെയ്തിട്ടുണ്ടാകും. ഇത്തരത്തിൽപ്പെട്ട ആളുകൾക്കും മുൻജീവനക്കാരായി രുന്ന വിധവകൾക്കും സ്ഥിരം ജീവനക്കാരായി മാറാനുള്ള ഒരു സാഹചര്യം അങ്ങ് ഉണ്ടാക്കണം. വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം നട ത്താതെ വിധവകളെപ്പോലെ ജീവിക്കുന്ന സ്ത്രീകളുടെ ജീവിതവും നരകതു ല്യമാണ്. അവർക്കും ഈ ആനുകൂല്യം നൽകാൻ നടപടിയെടുക്കുമെങ്കിൽ നന്നായിരുന്നു. പി.എസ്.സി. ലിസ്റ്റ് വരുന്നതു വരെ പിരിച്ചുവിടാതെ താൽക്കാ ലിക ജീവനക്കാരായി തുടരാനുള്ള ഒരു പ്രത്യേക അനുവാദമെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്ന വിധവകൾക്ക് പെട്ടെന്ന്. ഉണ്ടാക്കിക്കൊടുക്കാൻ അങ്ങ് വിചാരിച്ചാൽ സാധിക്കും. 1978-ൽ ശ്രീ. എ.കെ. ആന്റണി വിധവകളുടെ പെൺമക്കൾക്ക് വിവാഹ സഹായം ഏർപ്പെടുത്തിയത് കേരളം നന്ദിപൂർവ്വം സ്മരിക്കുന്നുണ്ട്. കരയാൻ കണ്ണീർ പോലുമില്ലാതെ തീ തിന്നുന്ന പാവപ്പെട്ട വനിതകളിൽ കുറെ പേർക്കെങ്കിലും അങ്ങ് ആശ്വാസം പകരണം. അവരിൽ അപൂർവ്വം ചിലരെങ്കിലും റസ്ക്യൂ ഹോമിലേയ്ക്ക് വലിച്ചെറിയപ്പെടാവുന്ന സാഹചര്യം ഒഴിവാക്കാൻ അങ്ങ് വിചാരിച്ചാൽ സാധിക്കും. അമ്മയും, സഹോ ദരിയും, ഭാര്യയും, മകളുമുള്ള ഒരാളെന്ന നിലയിൽ ഒരു പ്രത്യേക മാനുഷിക പരിഗണന ഈ പ്രശ്നത്തിന് നൽകി വിധവകളായ താൽക്കാലിക ജീവന ക്കാരെ വിവിധ വകുപ്പുകളിൽ സ്ഥിരം ജീവനക്കാരായി നിയമിക്കാൻ അങ്ങ് സഹായിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ' സർ, താൽക്കാലിക ജീവന ക്കാരെ സ്ഥിരപ്പെടുത്തിയാൽ പി.എസ്.സി. വഴി നിയമനം ലഭിക്കേണ്ട ഉദ്യോ ഗാർത്ഥികളെ ദോഷകരമായി ബാധിക്കും. അതിനാൽ വിധവകളായ താൽക്കാ ലിക ജീവനക്കാർക്ക് ഗവൺമെന്റ് വകുപ്പുകളിൽ സ്ഥിരാ നിയമനം നൽകണ മെന്ന ആവശ്യം തൽക്കാലം പരിഗണിക്കാൻ നിവൃത്തിയില്ല.

(3) പട്ടികജാതി-പട്ടികവർഗ്ഗ കമ്മിഷൻ രൂപീകരണം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാ രുടെ സ്ഥിരം മോചനത്തിനും അവരെ ബാധിക്കുന്ന നീതിരഹിതമായ നടപടി കൾ അന്വേഷിക്കുന്നതിനുമായി പട്ടികജാതി-പട്ടികവർഗ്ഗ കമ്മിഷൻ രൂപീകരി ക്കുന്നതിന്റെ ആവശ്യകതയിലേയ്ക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയു ടെയും ഗവൺമെന്റിന്റെയും ശ്രദ്ധ ക്ഷണിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി പവർ ഉള്ള വനിതാ കമ്മീഷനും, പിന്നോക്ക വിഭാഗ കമ്മിഷനും പ്രവർത്തിച്ചു വരുന്നുണ്ട്. ജാതി ഭ്രഷ്ട് കൽപ്പിച്ച് നൂറ്റാണ്ടുകളായി സമൂഹജീ വിതത്തിന്റെ എല്ലാ മേഖലകളിൽ നിന്നും പിൻതള്ളപ്പെട്ടു കഴിയുന്ന എസ്.സി., എസ്.ടി. വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കണമെന്ന് ഭരണഘടന അനുശാസിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. എന്നാൽപോലും അത് പാലിക്കുന്നില്ല. പ്രാവർത്തികമാക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗത്തോടുള്ള സമൂഹത്തിന്റെ ബാദ്ധ്യത നിറവേറ്റാൻ വൈമുഖ്യം കാണിക്കുന്നത് അവരോടുള്ള ആത്മാർത്ഥതക്കുറവും നീതിപൂർവ്വമല്ലാത്ത സമീപനവും കൊണ്ടാണ്, സ്റ്റാറ്റ്യൂട്ടറി പവേഴ്സ് ഉള്ള കമ്മീഷൻ നിലവിൽ വന്നാൽ ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളിൽ പങ്കാളിയാകാനും പരിഹരിക്കാനും ഗവൺമെന്റിന് വേണ്ട നിർദ്ദേശങ്ങളും ഉപദേശവും നൽകാനും കഴിയുന്നതാണ്. എസ്.സി./എസ്.ടി.ക്ക് നിയമപരമായ പരിരക്ഷ ലഭ്യമാക്കുന്നതിന് നിലവിലുള്ള നിയമത്തിൽ പഴുതുകളോ വീഴ്ചകളോ ഉള്ളതു തിരുത്താനും ഗവൺമെന്റിന് നിർദ്ദേശം സമർപ്പിക്കാനും സാധിക്കും. ഗവൺമെന്റിനെ ആ വഴിക്ക് പ്രേരിപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ എസ്.സി/എസ്.ടിക്കുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും ഇതുവരെയുള്ളത് വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കാനും എസ്.സി/എസ്.ടി പീഡനകേസ്സുകൾ ഗൗരവമായി കാണാനും കേന്ദ്ര പട്ടികജാതി/പട്ടികവർഗ്ഗ പീഡന നിരോധന നിയമം അനുസരിച്ചുള്ള കേസ്സുകൾ കൈകാര്യം ചെയ്യാനും സാധിക്കും. അങ്ങനെയുള്ള വിപുലമായ അധികാരത്തോടുകൂടി, സ്റ്റാറ്റ്യൂട്ടറി പവേഴ്സ് ഉള്ള പട്ടികജാതി-പട്ടികവർഗ്ഗ കമ്മിഷന് രൂപം നൽകാൻ 21-ാം നൂറ്റാണ്ടിലേയ്ക്ക് സമൂഹം പ്രവേശിക്കാൻ വെമ്പൽ കൊള്ളുമ്പോൾ ഈ ഗവൺമെന്റിന് കഴിയണം അതിനുള്ള, നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം വിശദമായി പരിശോധിക്കുന്നതാണ്.

(4) കേരള വനിതാകോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള നിയമസഭാ മാർച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞങ്ങളുടെ പാർട്ടിയുടെ വനിതാവിഭാഗമായ കേരളാ വനിതാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഇന്നൊരു നിയമസഭാ മാർച്ച് നടത്തുകയാണ്. അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിൽ പ്രധാനപ്പെട്ട രണ്ടെണ്ണം നിയമസഭകളിലും പാർലമെന്റിലും മൂന്നിലൊന്ന് സീറ്റ് വനിതകൾക്ക് സംവരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നതും കേരളത്തിൽ സ്ത്രീകൾക്ക് നേരെ വർദ്ധിച്ചുവരുന്ന പീഡനങ്ങൾ അവസാനിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്നതുമാണ്. നമ്മുടെ രാജ്യത്ത് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അര നൂറ്റാണ്ടു പിന്നിട്ടെങ്കിലും മതിയായ പ്രാതിനിധ്യം വനിതകൾക്ക് ഇതുപോലുള്ള ഭരണ സംവിധാനത്തിലുണ്ടായിട്ടില്ല. എക്സിക്യൂട്ടീവിന്റെ കാര്യത്തിലാണെങ്കിലും നിയമനിർമ്മാണസഭകളിലാണെങ്കിലും മതിയായ പ്രാതിനിധ്യം കിട്ടിയിട്ടില്ല. ഈ സാഹചര്യത്തിൽ.....

മി. സ്പീക്കർ : പാർലമെന്റിൽ ബിൽ അവതരിപ്പിക്കാൻ സമ്മതിക്കുന്നില്ല.

ശ്രീ. ടി.എം. ജേക്കബ് : അതുകൊണ്ട് മുഖ്യമന്ത്രി ഒന്ന് ഇടപെട്ട്.....

മി. സ്പീക്കർ : ഓർമ്മയിൽ നിന്ന് അവതരിപ്പിച്ചു.

ശ്രീ. ടി.എം. ജേക്കബ് : അതിന് സമ്മതിക്കാത്ത രാഷ്ട്രീയപാർട്ടികളെ വനിതകൾതന്നെ ബഹിഷ്ക്കരിക്കണം. കാരണം നമ്മുടെ രാജ്യത്ത് ഇനിയും

LIBRARY ARCHIVES Kerala Legislative Assembly